പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4161 — 24/6/2019 ൽ മറുപടിക്ക്

## കാലിത്തീറ്റയ്ക്കായി കൃഷിചെയ്യപ്പെടുന്ന തീറ്റപ്പുല്ല് ഇനങ്ങൾ

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ് പി :

**മറുപടി**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കാലിത്തീറ്റയ്ക്കായി ഉപയോഗിക്കുന്ന തീറ്റപ്പുല്ല് ഇനങ്ങൾ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ കൃഷി ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ എന്നറിയിക്കാമോ; | എ) | സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ ഭാഗമായിട്ടുള്ള ഫോഡർ കൾട്ടിവേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിക്കായി 132.9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുറഞ്ഞത് 1 ഹെക്ടർ എങ്കിലും ഭൂമി ഉള്ള ക്ഷീരകർഷർക്ക് പുൽക്കൃഷി തുടങ്ങുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഇതിൽ പത്തനംതിട്ട, എറണാകുളം, പാലക്കാട്, കോഴിക്കോട് , കാസർഗോഡ് എന്നീ ജില്ലകൾ ഒഴികെയുള്ള 10 ജില്ലകളിലെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ഫണ്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു തുടങ്ങിയിട്ടുണ്ട്. ബാക്കി ജില്ലകൾക്ക് ഫണ്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ നിലവിൽ 141.354 ഏക്കർ സ്ഥലത്ത് ഫാമിലെ മൃഗങ്ങളുടെ ആവശ്യത്തിലേക്കായി തീറ്റ പുൽകൃഷി നടത്തി വരുന്നു.<br><br>ഫാമുകളിൽ നിന്ന് ഗുണമേന്മയേറിയ പുല്ലിനങ്ങളുടെ കടകൾ കടയൊന്നിന് 50 പൈസ നിരക്കിൽ കർഷകർക്ക് ആവശ്യാനുസരണം വിതരണം നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് തീറ്റപ്പുൽ ലഭ്യത കുറയ്ക്കുവാനിടയാക്കും. |
| ബി) | തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിന് കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | ബി) | സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് പരിശീലന കേന്ദ്രങ്ങളിൽ പശുവളർത്തൽ, ആടുവളർത്തൽ തുടങ്ങിയ വിഷയങ്ങളിൽ കർഷകർക്ക് പരിശീലനം നൽകുമ്പോൾ തീറ്റപ്പുൽകൃഷി സംബന്ധിച്ച ക്ലാസുകൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ